www.malankaralibrary.com

# സുവിശേഷവും സുവിശേഷവൽക്കരണവും

**MOST.REV.CYRIL MAR BASELIOS**
Metropolitan Archbishop of Trivandrum

www.malankaralibrary.com

# സുവിശേഷവും സുവിശേഷവൽക്കരണവും

## ആമുഖം

നമ്മുടെ എല്ലാവരുടെയും പിതാവായ ദൈവം തന്റെ ഏക ജാതനായ യേശുക്രിസ്തുവിനെ നമ്മുടെ പക്കലേക്ക് അയച്ച് തന്റെ പരിശുദ്ധാത്മാവിനെ യേശുക്രിസ്തുവിൽ നമുക്ക് പ്രദാനം ചെയ്ത് നമ്മെ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് രക്ഷിക്കുകയും നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവിൽ നമ്മെ ദൈവമക്കളാക്കുകയും പരിശുദ്ധാത്മാവിലൂടെ സംലഭ്യമായ ആത്മീയ കൂട്ടായ്മയ്ക്കു അർഹരാക്കുകയും ചെയ്തിരിക്കുന്നു. ഇത് സർവ്വ ജനങ്ങളെയും ഉദ്ദേശിച്ചുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയാണ്. ഈ പദ്ധതിയുടെ നിർണ്ണായകമായ ആവിഷ്ക്കരണവും ഉത്ഘാടനവും പ്രഘോഷണവും ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ജനനവും, ജീവിതവും, മരണവും, ഉത്ഥാനവും, പരിശുദ്ധാത്മ പ്രദാനവും വഴിയാണ് സംഭവിച്ചിരിക്കുന്നത്. ഈ സദ്വാർത്ത യേശുക്രിസ്തുതന്നെയത്രെ നമ്മെ അറിയിച്ചിരിക്കുന്നത്. ഈ സുവിശേഷത്തിന്റെ തുടർന്നുള്ള പ്രഘോഷണവും അംഗീകരണവും ഓരോ ക്രിസ്തുശിഷ്യന്റെയും വ്യക്തിഗതവും ക്രിസ്തുസമൂഹത്തിന്റെ സംഘാതവുമായ ജീവിത ധർമ്മവും ലക്ഷ്യവുമാണ്. സുവിശേഷവൽക്കരണസംരംഭത്തിന്റെ സത്താപരമായ അടിസ്ഥാനവും ഇതുതന്നെ.

സഭയുടെ സുവിശേഷ പ്രഘോഷണത്തെപ്പററി ആധികാരികമായി പഠിപ്പിക്കുന്നതിന് പരി. പിതാവ് പോൾ ആറാമൻ മാർപ്പാപ്പ പ്രസിദ്ധീകരിച്ച "സുവിശേഷ പ്രഘോഷണം" (Dec. 8. 1975) എന്ന തിരുവെഴുത്തും, പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പുറപ്പെടുവിച്ച 'രക്ഷകന്റെ ദൗത്യം' (Dec. 7. 1990) എന്ന ചാക്രികലേഖനവും സുപ്രധാനമായ രേഖകളാണ്. അവയെ ആധാരമാക്കി ഏതാനും അടിസ്ഥാന ആശയങ്ങൾ അവതരിപ്പിക്കുന്നതിനാണ് ഇവിടെ ഉദ്ദേശിക്കുക. നമ്മുടെ സുവിശേഷവത്ക്കരണസംരംഭത്തിന്റെ പ്രായോഗിക പദ്ധതികൾ നേരായ പാതയിൽ ഉറപ്പിക്കുന്നതിനും തീരാത്ത ഫലങ്ങൾ ഉളവാക്കുന്നതിനും അവ പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

www.malankaralibrary.com

# സുവിശേഷവൽക്കരണം

## അർത്ഥം

"സഭയെ സംബന്ധിച്ചിടത്തോളം സുവിശേഷവൽക്കരണം എന്നതിന്റെ അർത്ഥം മനുഷ്യവർഗ്ഗത്തിന്റെ എല്ലാതലങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുകയും, അതിന്റെ പ്രചോദനം വഴി മാനവസമൂഹത്തെ ആന്തരികമായി രൂപാന്തരപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുക എന്നതാണ്" (EN. 18) യേശുക്രിസ്തുവഴി പരിശുദ്ധാരൂപിയിൽ വെളിപ്പെടുത്തപ്പെട്ട പിതാവിന് ലളിതവും പ്രകടവുമായ സാക്ഷ്യംവഹിക്കലാണ് സുവിശേഷവൽക്കരണം. അനേകംപേരെ സംബന്ധിച്ചും അറിയപ്പെടാത്ത ഒരു ദൈവത്തെ അവർക്ക് കാണിച്ചുകൊടുക്കുക എന്നതായിരിക്കണം ഈ ദൗത്യം. അതുകൊണ്ട് സ്രഷ്ടാവായ ദൈവം, അജ്ഞാതമോ വിദൂരസ്ഥിതമോ ആയ ഏതോ ഒരു ശക്തിയല്ല എന്നും, അവന്റെ ദൈവവും യാഥാർത്ഥ പിതാവും ആണെന്നും മനുഷ്യന് വ്യക്തമാക്കി കൊടുക്കുന്നതിൽ സുവിശേഷവൽക്കരണ ദൗത്യം അന്തർഭവിച്ചിരിക്കുന്നു. ഏവംവിധം നമ്മളെല്ലാം ദൈവപിതാവിൽ സഹോദരന്മാരും സഹോദരിമാരും ആയിത്തീർന്നിരിക്കുന്നു.

"ലോകത്തോടു ദൈവത്തിനുള്ള സ്നേഹം മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ദൈവവചനം എല്ലാ സൃഷ്ടിജാലങ്ങൾക്കും ആസ്തിക്യം പ്രദാനം ചെയ്യുകയും മനുഷ്യവർഗ്ഗത്തിന് നിത്യജീവനിലേക്ക് ആഹ്വാനം നൽകുകയും ചെയ്തിരിക്കുന്നു" (EN.26)

"ദൈവം അവിടുത്തെ കൃപയും അനുഗ്രഹവുംമൂലം ക്രിസ്തുവഴി നിത്യരക്ഷ എല്ലാ ജനങ്ങൾക്കും നൽകിയിരിക്കുന്നു... മനുഷ്യാവതാരം ചെയ്ത ദൈവ പുത്രനായ ക്രിസ്തു ഇതിനുവേണ്ടിയാണ് മരിക്കുകയും ഉയിർക്കുകയും ചെയ്തതെന്നുള്ള സത്യം പ്രഘോഷിക്കപ്പെടണം" (EN. 27.) "യേശുക്രിസ്തുവിലൂടെ മാത്രമാണ് നമുക്ക് നിത്യരക്ഷ കൈവന്നിരിക്കുന്നതും" (RM. 5.) ദൈവരാജ്യം നമ്മുടെയിടയിൽ സന്നിഹിതമായിരിക്കുന്നതും" (RM. 13.)

www.malankaralibrary.com

"മനുഷ്യന്റെ നിത്യരക്ഷയാണ് സുവിശേഷ സന്ദേശത്തിന്റെ കാതലും കേന്ദ്രബിന്ദുവുമായി ക്രിസ്തു പ്രഖ്യാപിച്ചിട്ടുള്ളത്. ദൈവത്തെ അറിയുന്നതിനും ദൈവത്താൽ അറിയപ്പെടുന്നതിനുമുള്ള സൗഭാഗ്യം അതിൽ അടങ്ങിയിരിക്കുന്നു. ദൈവത്തെ ദർശിക്കുന്നതിനും അവിടുത്തേക്ക് സ്വയം അർപ്പിക്കുന്നതിനുമുള്ള ആനന്ദം ഇതിൽ അന്തർലീനമായിരിക്കുന്നു. ക്രിസ്തുവിന്റെ ജീവിതത്തിലൂടെയാണ് ഇവയെല്ലാം സമാരാബ്ധമായത്. അവിടുത്തെ മരണവും പുനരുത്ഥാനവും വഴി അവ പൂർത്തിയാക്കപ്പെടുകയും ചെയ്തു (EN. 9. RM 13, 16).

"ദൈവരാജ്യം വെറും ഒരു ആശയമല്ല, വേദതത്വമല്ല, സ്വതന്ത്രവ്യാഖ്യാനത്തിനു വിധേയമായ ഒരു പദ്ധതിയല്ല. പിന്നെയോ, സർവ്വോപരി അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമായ, പേരും മുഖവുമുള്ള "നസ്രായനായ യേശുവെന്ന ഒരു വ്യക്തിയാണ്" (RM.18.) "ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ നിർണ്ണായകമായ കേന്ദ്രബിന്ദു യേശുക്രിസ്തുവത്രെ" (RM. 6). "കൃപാനിധിയായ ദൈവത്തെ യേശുക്രിസ്തുവാണ് പിതാവായി നമുക്ക് വെളിപ്പെടുത്തിയത് (RM. 12, 13).

## ലക്ഷ്യം

സുവിശേഷവൽക്കരണത്തിന്റെ ലക്ഷ്യം ആന്തരികമായ മാനസാന്തരമത്രെ. ഒററവാചകത്തിൽ പറഞ്ഞാൽ, സഭ പ്രഘോഷിക്കുന്ന ദിവ്യസന്ദേശത്തിന്റെ ശക്തി മൂലം ജനങ്ങളുടെ വ്യക്തിഗതവും സാമൂഹികവുമായ മനസ്സാക്ഷിയിലും അവർ ഏർപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളിലും, അവർ നയിക്കുന്ന ജീവിതത്തിലും യഥാർത്ഥ മാനസാന്തരം സംജാതകമാകുക എന്നതാണ് സുവിശേഷവൽക്കരണം (EN. 18, RM 15).

"മനുഷ്യന്റെ ജീവിതമണ്ഡലം മുഴുവനും രൂപാന്തരം പ്രാപിക്കേണ്ടിയിരിക്കുന്നു. മനുഷ്യവർഗ്ഗം മുഴുവന്റേയും മനസ്സാക്ഷിയുടെ തീരുമാനങ്ങളിലും, മൂല്യങ്ങളുടെ നിർണ്ണയത്തിലും, താല്പര്യങ്ങളുടെ പരിഗണനയിലും, ചിന്താഗതിയിലും, ജീവിത ദർശനത്തിലും, പ്രചോദനത്തിലും, ദൈവവചനത്തിനും നിത്യരക്ഷയ്ക്കും വിരുദ്ധമായതെല്ലാം പരിത്യജിക്കുന്നതിനുള്ള സന്നദ്ധതയിലും അടിയുറച്ച ഒരു സ്ഥിതിവിശേഷമാണ് എവിടെയും സംജാതമാകേണ്ടത്" (EN. 19 RM. 7). "ഇപ്പറഞ്ഞവയുടെയെല്ലാം സംക്ഷേപം സംസ്കാരങ്ങൾ സുവിശേഷവൽക്കരിക്കപ്പെടണം എന്നതാണ്" (EN. 20).

www.malankaralibrary.com

# മാർഗ്ഗങ്ങൾ

"സുവിശേഷവൽക്കരണം വിവിധ ഘടകങ്ങൾ ഉൾക്കൊള്ളുന്ന സങ്കീർണ്ണമായ ഒരു പ്രസ്ഥാനമാണ്. അതിൽ സമൂഹത്തിന്റെ നവീകരണം, സാക്ഷ്യം വഹിക്കൽ, പ്രത്യക്ഷമായ പ്രഘോഷണം, ആന്തരികമായ അംഗീകരണം, സമൂഹത്തിലെ അംഗത്വം, അടയാളങ്ങളുടെ സ്വീകരണം, അപ്പസ്തോലിക മനോഭാവം എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഉണ്ട്" (EN. 24 RM. 41).

## ജീവിതസാക്ഷ്യം

"സഭയുടെ വീക്ഷണത്തിൽ, സുവിശേഷവൽക്കരണത്തിനുള്ള ഒന്നാമത്തെ മാർഗ്ഗം യഥാർത്ഥ ക്രിസ്തീയ ജീവിതം വഴി നൽകപ്പെടുന്ന സാക്ഷ്യമാണ്. അതിനെ ചുരുക്കത്തിൽ ജീവിത ശുദ്ധിയുടെ സാക്ഷ്യം എന്നു പറയാം" EN. 41. "നവീനമായ ഒരു ജീവിതശൈലി കാഴ്ചവയ്ക്കുന്ന പ്രേഷിതന്റെയും ക്രൈസ്തവ കുടുംബത്തിന്റെയും സഭാസമൂഹത്തിന്റെയും ജീവിതമാണ് സാക്ഷ്യത്തിന്റെ ഒന്നാമത്തെ ഭാവം" (RM. 42).

## സജീവമായ പ്രഘോഷണം

"രണ്ടാമതായി സുവിശേഷപ്രഘോഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും എടുത്തുപറയേണ്ടിയിരിക്കുന്നു. നാം ശ്രവിക്കുന്ന ദൈവവചനമാണ് നമ്മെ വിശ്വാസത്തിലേക്ക് നയിക്കുന്നത്" (EN. 42. RM. 44). "ദൈവവചന പ്രഘോഷണം ക്രൈസ്തവ മാനസാന്തരമാണ് ലക്ഷ്യം വയ്ക്കുന്നത്; അതായത്, യേശുക്രിസ്തുവിനോടും അവിടുത്തെ സുവിശേഷത്തോടുമുള്ള വിശ്വാസത്തോടുകൂടിയ ആത്മസമർപ്പണം" (RM. 46).

## ക്രൈസ്തവസമൂഹ രൂപീകരണം

"സുവിശേഷ സന്ദേശം ആത്മാർത്ഥതയോടുകൂടി സ്വീകരിച്ചവർ മാനസാന്തരത്തിനുള്ള പ്രേരണാശക്തിയും വിശ്വാസത്തിന്റെ ഭാഗഭാഗിത്വവും വഴി ക്രിസ്തുവിന്റെ നാമത്തിൽ ഒന്നിച്ചുചേരുകയും, ഒരു സമൂഹമായി ദൈവരാജ്യത്തെപ്പററി ആരായുന്നതിനും അത് പടുത്തുയർത്തുന്നതിനും, അതിൽ ജീവിക്കുന്നതിനും സന്നദ്ധരാവുകയും ചെയ്തു. അങ്ങനെ ക്രിസ്തീയ സമൂഹം സംജാതമായി; സുവിശേഷവത്കരണം അവരിൽ പ്രാവർത്തികമാവുകയും ചെയ്തു"(EN. 13, RM. 48. AG. 2; LG. 9).

www.malankaralibrary.com

### ദൈവവചന ശുശ്രൂഷ

"ഓരോ സംഭവത്തിലും ദൈവത്തിന്റെ സന്ദേശം എന്താണെന്നു മനസ്സിലാക്കുന്നതിനു ശരിയായ ഒരു ആദ്ധ്യാത്മികാവബോധം ഉണ്ടായിരുന്നാൽ മതിയാകുന്നതാണ്. ദിവ്യബലിയർപ്പണത്തിനിടയിൽ ക്രമാനുസൃതമായി നിർവ്വഹിക്കപ്പെടുന്ന പ്രഭാഷണങ്ങൾക്ക് പ്രത്യേക ചൈതന്യവും ശക്തിയുമുണ്ട്. തീർച്ചയായും സുവിശേഷവൽക്കരണത്തിൽ അതിന് അതിപ്രധാനമായ സ്ഥാനമാണുള്ളത്. അത് ലളിതവും, വ്യക്തവും, വളച്ചുകെട്ടില്ലാത്തതും, സന്ദർഭോചിതവും, സുവിശേഷാധിഷ്ഠിതവും, സഭയുടെ അദ്ധ്യാപനാധികാരത്തോട് വിശ്വസ്തത പുലർത്തുന്നതും അതിന്റെ സ്വഭാവത്തിനനുസരിച്ച് അപ്പസ്തോലചൈതന്യത്താൽ പരിപൂരിതവും, പ്രത്യാശാസമന്വിതവും, വിശ്വാസസ്ഥൈര്യം ഉളവാക്കുന്നതും, സമാധാനവും ഐക്യവും പരിപോഷിപ്പിക്കുന്നതുമായിരിക്കണം" (EN. 43).

### മതാദ്ധ്യാപനം

"സുവിശേഷവൽക്കരണസംരംഭത്തിൽ അനുപേക്ഷണീയമായ ഒരു രംഗമാണ് മതാദ്ധ്യാപനത്തിന്റേത്. ദൈവാലയത്തിലും, സാധിക്കുമെങ്കിൽ വിദ്യാലയങ്ങളിലും, അവശ്യം എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും മതാദ്ധ്യാപനം നിർവ്വഹിക്കപ്പെടണം. ജീവിതത്തിൽ എന്നെന്നും നിലനിൽക്കേണ്ട അടിസ്ഥാന സത്യങ്ങൾ അവരുടെ ഓർമ്മയിലും, ബുദ്ധിയിലും, ഹൃദയത്തിലും നന്നായി ഉറപ്പിക്കപ്പെടണം" (EN. 44).

### സമ്പർക്ക മാദ്ധ്യമങ്ങളുടെ ഉപയോഗം

"സാമൂഹ്യ മാദ്ധ്യമങ്ങളെ, ആദ്യ സുവിശേഷപ്രഘോഷണത്തിലും തുടർന്നുള്ള മതാദ്ധ്യാപനത്തിലും വിശ്വാസസ്ഥിരീകരണ പ്രവർത്തനങ്ങളിലും ഉപയോഗിക്കേണ്ടത് ഇന്നൊരാവശ്യമായി തീർന്നിരിക്കുകയാണ്" (EN. 45).

### വ്യക്തിപരമായ സമീപനം

"സുവിശേഷസന്ദേശത്തിന്റെ പൊതുവായ പ്രഘോഷണത്തോടൊന്നിച്ച്, വ്യക്തിപരമായ അഭിമുഖസമ്പർക്കരീതികളും നിലനിർത്തേണ്ടത് ആവശ്യകവും പ്രാധാന്യമർഹിക്കുന്നതുമാണെന്ന് സിദ്ധിക്കുന്നു. ക്രിസ്തു സ്വീകരിച്ച മാർഗ്ഗമതാണ്. ചുരുക്കിപ്പറഞ്ഞാൽ, ഒരാളുടെ വ്യക്തിപരമായ വിശ്വാസാനുഭവം മററൊരാൾക്ക് നേരിൽ പകർന്നുകൊടുക്കുക എന്നതിനേക്കാൾ കൂടുതൽ സരളമായ സുവിശേഷവൽക്കരണരീതിയില്ല. ഒരു പുതിയ ലോകം അങ്ങനെ സംജാതമാകും" (EN. 46).

www.malankaralibrary.com

### കൂദാശാനുഷ്ഠാനങ്ങൾ

ദൈവവചനവും ദിവ്യകൂദാശകളും തമ്മിൽ ഗാഢമായ ഒരു ബന്ധം, ശരിയായി പറഞ്ഞാൽ സുസ്ഥിരവും അവിച്ഛേദ്യവുമായ ഒരു പരസ്പര സമ്പർക്കം സംസ്ഥാപിതമാകുമ്പോൾ മാത്രമേ സുവിശേഷവൽക്കരണം അതിന്റെ പൂർണ്ണതയിലെത്തുന്നുള്ളൂ. സുവിശേഷവൽക്കരണത്തിന്റെ അതിപ്രധാനമായ ഒരു കർത്തവ്യമാണ് ജനങ്ങൾ കൂദാശാപരമായ ജീവിതം വിശ്വസ്തതാപൂർവ്വം നയിക്കത്തക്കരീതിയിൽ ഓരോ ക്രിസ്ത്യാനിയേയും വിശ്വാസ വിഷയങ്ങളിൽ പ്രബുദ്ധനാക്കുക എന്നുള്ളത് (EN. 47).

### പൊതുഭക്തമുറകൾ

"ദൈവപിതൃത്വം, അവിടുത്തെ അനന്തപരിപാലന, സ്നേഹമസൃണവും നിരന്തരവുമായ സാന്നിദ്ധ്യം തുടങ്ങിയ ദൈവവിശേഷണങ്ങളിൽ അവർക്കുള്ള ശക്തിമത്തായ ബോധ്യമാണ് സാമാന്യ ജനങ്ങളുടെ ഭക്തമുറകൾക്ക് നിദാനം. പൊതു മതാചരണമുറകൾ ജനലക്ഷങ്ങൾക്ക് ക്രിസ്തുവഴിയുള്ള യഥാർത്ഥ ദൈവാഭിമുഖ്യം പ്രാപിക്കുന്നതിന് അവസരമായിത്തീരാതിരിക്കയില്ല"(EN. 48).

### സംസ്കാരാനുരൂപണം

സഭ സുവിശേഷമൂല്യങ്ങൾകൊണ്ട് സംസ്കാരങ്ങളെ ധന്യമാക്കുകയും ആ സംസ്കാരജനതകളെ തന്റെ മടിയിലേയ്ക്ക് സ്വീകരിക്കുകയും ചെയ്യുന്നു (RM. 52).

### മനസ്സാക്ഷി രൂപീകരണം

സുവിശേഷമൂല്യങ്ങൾകൊണ്ട് ലോകമനസ്സാക്ഷിയെ രൂപപ്പെടുത്തുവാൻ സഭ നിയുക്തയാണ് (RM. 58).

## സ്വീകരിക്കുന്ന ജനത

### ക്രിസ്തുവിനെ അറിയാത്തവർ

ക്രിസ്തുവിനേയും അവിടുത്തെ സുവിശേഷത്തെയുംപററി അറിയാത്തവർക്ക് അത് വെളിപ്പെടുത്തിക്കൊടുക്കുക എന്നതാണ്, പെന്തക്കുസ്താ പ്രഭാതം മുതൽ, സഭ തന്റെ സ്ഥാപകനിൽനിന്നും സ്വീകരിച്ച അടിസ്ഥാനപരമായ പരിപാടി.

www.malankaralibrary.com

ക്രിസ്തുവിനെ സംബന്ധിച്ച ഈ ആദ്യപ്രഘോഷണ രീതിതന്നെയാണ്, സങ്കീർണ്ണവും നാനാത്വാധീനവുമായ വിധത്തിൽ സഭ ഇന്നും തുടർന്നു പോരുന്നത്. ചിലർ അതിനെ "പ്രാരംഭ സുവിശേഷപ്രഘോഷണ"മെന്ന് വിളിക്കാറുണ്ട്. നിരവധി മാർഗ്ഗങ്ങൾ, പ്രകടമായ പ്രഭാഷണം, കല, ശാസ്ത്ര പരമായ സമീപനം, തത്വശാസ്ത്രഗവേഷണം ചുരുക്കത്തിൽ മനുഷ്യന്റെ ഹൃദയവികാരങ്ങളെ സ്പർശിക്കുന്ന ഏതു ന്യായമായ ഉപാധിയും ഇതിൽ സ്വീകാര്യമത്രെ (E.N. 51).

## വിശ്വാസം നഷ്ടപ്പെട്ടവർ

ജ്ഞാനസ്നാനം സ്വീകരിച്ചവരെങ്കിലും യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കാത്ത വലിയൊരു വിഭാഗത്തിനും ഈ രീതി ആവശ്യമായിട്ടാണിരിക്കുന്നത്. ഇപ്പോൾ ക്രിസ്തുവിനെ ഒരു പുതിയ വെളിച്ചത്തിൽ ഗ്രഹിക്കുവാനുള്ള ആവശ്യം അവർക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. (E.N. 52).

## മററു മതാനുയായികൾ

"അക്രൈസ്തവ മതങ്ങളോടുള്ള ബഹുമാനമോ, മതിപ്പോ അഥവാ അവയെ നേരിടുന്നതിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളോ അക്രൈസ്തവരോട് ക്രിസ്തുവിനെപ്പററി പ്രസംഗിക്കുന്നതിനു സഭയ്ക്കുള്ള കർത്തവ്യനിർവ്വഹണത്തിൽ ഒരു പ്രതിബന്ധമാകാൻപാടില്ല.

സ്വാഭാവികമതങ്ങളിൽ പ്രശംസാർഹമായ പല ആവിഷ്കരണങ്ങളും കാണുവാൻ സാധിക്കുമെങ്കിലും സുവിശേഷവൽക്കരണത്തിലൂടെ സഭ പ്രഘോഷിക്കുന്നതായ ക്രിസ്തുവിന്റെ മതത്തിൽ മാത്രമേ ദൈവത്തിന്റെ സംവിധാനമനുസരിച്ചുള്ള വസ്തുനിഷ്ഠമായ ദൈവികബന്ധം സ്ഥാപിക്കാൻ മനുഷ്യന് സാധിക്കുകയുള്ളൂ എന്നും, അവിടുത്തെ സജീവ സാന്നിദ്ധ്യവും പ്രവർത്തനവും അതിൽ മാത്രമേ അനുഭവപ്പെടുകയുള്ളൂ എന്നുമുള്ള വസ്തുതയെയാണ് സഭ ചൂണ്ടിക്കാണിക്കുന്നത്. ഏവംവിധം മനുഷ്യവർഗ്ഗത്തിലേക്ക് കരുണാപൂർവ്വം ഉററു നോക്കിക്കൊണ്ടിരിക്കുന്ന ദൈവത്തിന്റെ പിതൃരഹസ്യം സഭ നമുക്ക് മനസ്സിലാക്കിത്തരുന്നു.

സർവ്വജനങ്ങളോടുമുള്ള ഒരു കർത്തവ്യമായിട്ടാണ് സഭ അതു വീക്ഷിക്കുന്നത്. ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിൽ സഭ അതിന്റെ കഴിവിന്റെ പരമാവധി പ്രവർത്തിച്ചുകഴിയുന്നതുവരെ വിശ്രമിക്കുകയില്ല (EN 53 RM 55).

www.malankaralibrary.com

## വിശ്വാസികൾ

"തലമുറകളായി വിശ്വാസം സ്വീകരിച്ച് വി.സുവിശേഷവുമായി ബന്ധപ്പെട്ടുകഴിയുന്നവരുടെ കാര്യത്തിലും സഭയ്ക്ക് നിരന്തരമായ ശ്രദ്ധപതിക്കാതെ നിവൃത്തിയില്ല. അവരുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും, അങ്ങനെ വിശ്വാസികളിൽ കൂടുതൽ കൂടുതൽ വിശ്വാസദാർഢ്യം ഉണ്ടാക്കുന്നതിനും വേണ്ട മാർഗ്ഗങ്ങൾ സഭ സ്വീകരിച്ചുകൊണ്ടാണിരിക്കുന്നത്.

## വിശ്വാസികളുടെ സമൂഹങ്ങൾ

ഈദൃശ സമൂഹങ്ങളെല്ലാം സഭയുടെ പ്രചോദനത്താൽ രൂപംകൊള്ളുന്നവയും പ്രാദേശിക സഭകളുടെയോ ഇടവകകളുടെയോ നേതൃത്വത്തിൽ പ്രവർത്തിക്കുന്നവയുമായിരിക്കും (EN 58).

"സഭയുടെ സൂക്ഷിപ്പിന് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവാവിഷ്കരണനിധിക്ക് പൂർണ്ണമായ സാക്ഷ്യം വഹിക്കേണ്ടത് സഭയുടെ കർത്തവ്യമാണെന്നും അത് യഥാർഹം നിറവേററാതിരിക്കുന്നത് അക്ഷന്തവ്യമായ കൃത്യവിലോപം ആയിരിക്കുമെന്നും സഭയ്ക്ക് ബോധ്യമുണ്ട്" (EN 5).

## അവിശ്വാസികൾ

സുവിശേഷ സംരംഭത്തിനെതിരായുള്ള വെല്ലുവിളികളിൽ രണ്ടു മണ്ഡലങ്ങളുണ്ട്. അവയിലൊന്ന് ആധുനികലോകത്തിലെ വർദ്ധമാനമായ അവിശ്വാസത്തിന്റെ മണ്ഡലമാണെന്നു പറയാം. ഇന്നത്തെ ലോകത്തിന്റെ അടിത്തട്ടിൽ ആണ്ടുകിടക്കുന്നതും അതിന്റെ ഏററവും ശ്രദ്ധാർഹമായ പ്രതിഭാസമായി രൂപം പ്രാപിച്ചുകൊണ്ടിരിക്കുന്നതുമായ പ്രത്യേകത ലൗകായതികത്വമാണെന്ന് ആർക്കും കാണാവുന്നതാണ് (EN 55).

രണ്ടാമത്തെ മണ്ഡലം, മതാനുഷ്ഠാന വിമുഖരായ ക്രിസ്ത്യാനികളുടേതാണ്. ഇന്ന് ലോകത്തിൽ മാമോദീസാ സ്വീകരിച്ചവരിൽ വലിയൊരു ഗണം, ഔദ്യോഗികമായി നിഷേധിച്ചിട്ടില്ലെങ്കിലും അതിനോട് വിശ്വസ്തത പാലിക്കാതെ തീർത്തും നിരപേക്ഷതാ മനോഭാവത്തിൽ ജീവിച്ചുപോരുന്നുണ്ട്. ഈ ഇരുവിഭാഗങ്ങളും സുവിശേഷവൽക്കരണത്തിൽ ഗണ്യമായ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടാണിരിക്കുന്നത്. സഭയുടെ സുവിശേഷവൽക്കരണ സംരംഭത്തിന് ഈ രണ്ടു മണ്ഡലങ്ങളെയും അവഗണിക്കാൻ നിവൃത്തിയില്ല. ദൈവാവിഷ്കൃതസത്യങ്ങളും ക്രിസ്തുവിലുള്ള വിശ്വാസവും അവർക്ക് വീണ്ടും വീണ്ടും വ്യക്തമാക്കിക്കൊടുക്കുന്നതിന് അനുയോ

www.malankaralibrary.com

ജ്യമായ മാർഗ്ഗങ്ങളും സമീപനരീതികളും നിരന്തരം അന്വേഷിച്ച് കണ്ടു പിടിക്കേണ്ടിയിരിക്കുന്നു (EN. 56).

## ശുശ്രൂഷകർ

### സാർവ്വത്രിക സഭ

ലോകം മുഴുവനിലും പോയി സർവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള കടമ ദൈവത്തിന്റെ കല്പനവഴി സഭയിൽ നിക്ഷിപ്തമായിരിക്കുന്നു. സഭ പൂർണ്ണമായും സുവിശേഷ പ്രചാരണോദ്യുക്തയാണ്. ദൈവജനത്തിന്റെ അടിസ്ഥാനപരമായ കർത്തവ്യമാണ് സുവിശേഷം പ്രസംഗിക്കുക എന്നത് (E 59 RM 20).

"സഭ ലോകത്തിലേക്ക് അയയ്ക്കപ്പെടുകയും ലോകത്തിന്റെ സുവിശേഷവൽക്കരണം നിർവ്വഹിക്കുന്നതിനുള്ള കല്പന സഭയ്ക്ക് നല്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന വസ്തുത രണ്ടു ബോധ്യങ്ങൾ നമ്മിലുളവാക്കുന്നു. ഒന്നാമത്തെ ബോധ്യമിതാണ്, സുവിശേഷവൽക്കരണം എന്നത് ആരുടെയെങ്കിലും വ്യക്തിപരമോ കേവലം ഒററതിരിഞ്ഞതോ ആയ ഒരു സംരംഭമല്ല. അതു തികച്ചും സഭാത്മകമായ ഒരു പ്രവർത്തനമാണ്.

"രണ്ടാമത്തെ ബോധ്യം ഇതിൽനിന്നുരുത്തിരിയുന്ന ഒന്നാണ്. ഓരോ സുവിശേഷ പ്രഭാഷകനും സഭയുടെ നാമത്തിൽ സുവിശേഷപ്രഘോഷണം നിർവ്വഹിക്കുന്നു. സഭയാകട്ടെ, ദിവ്യനാഥനിൽ നിന്നു ലഭിച്ചിട്ടുള്ള കല്പനയനുസരിച്ച് പ്രവർത്തിക്കുന്നു. അതുകൊണ്ട് യാതൊരു സുവിശേഷ പ്രഘോഷകനും, സുവിശേഷവൽക്കരണ സംരംഭത്തെ സംബന്ധിച്ചിടത്തോളം പരമാധികാരിയല്ല. തന്മൂലം തന്റെ വ്യക്തിഗതമായ വീക്ഷണങ്ങൾക്കോ നിഗമനങ്ങൾക്കോ അനുസരിച്ചുമാത്രം ആ കൃത്യം നിർവ്വഹിക്കുക സാധ്യമല്ല. അയാൾ പ്രവർത്തിക്കേണ്ടത് സഭയുടെയും സഭാതലവന്മാരുടെയും ദൗത്യമനുസരിച്ചായിരിക്കണം" (EN. 60 RM. 61, 62, 88).

### പ്രാദേശികസഭകൾ

നിരവധി പ്രാദേശികസഭകൾ ഒന്നിച്ചുചേർന്നുള്ളതാണല്ലോ സാർവത്രികസഭ. പക്ഷേ പ്രാദേശികസഭകളുടെ ഒരു ആകെത്തുകയായി സാർവ്വത്രികസഭയെ കണക്കാക്കുന്നത് ശരിയായിരിക്കുകയില്ല. പ്രാദേശികസഭകളുടെ ഒരു സംഘടനയായി സാർവ്വത്രികസഭയെ വിഭാവനം ചെയ്തു

www.malankaralibrary.com

കൂടാ. ക്രിസ്തുവിന്റെ ആശയമനുസരിച്ച് സഭ അതിന്റെ ദൈവവിളിയിലും ദൗത്യത്തിലും സാർവ്വത്രിക സ്വഭാവമുള്ളതായിരിക്കണം.

അതേ സമയം പ്രാദേശികസഭകളിൽ നിന്നും ശരീരവും ജീവനും ഉൾക്കൊള്ളാത്ത ലോകവ്യാപകമായ സാർവ്വത്രിക സഭ ഒരു താത്വിക സങ്കല്പം മാത്രമായിരിക്കും. ഇരു ധ്രുവങ്ങളെയുംപററി അനുസ്യൂതമായ ശ്രദ്ധപുലർത്തിയെങ്കിൽ മാത്രമേ, സാർവ്വത്രികസഭയും പ്രാദേശിക സഭകളും തമ്മിലുള്ള ബന്ധത്തിൻെറ ഗുണസമൃദ്ധി വേണ്ടവിധം ഗ്രഹിക്കുവാൻ നമുക്ക് കഴിയുകയുള്ളു (EN 62. RM.64).

രണ്ടപകടങ്ങൾ - ആദ്യത്തേത്, സാർവ്വത്രിക സഭയിൽ നിന്നും വിച്ഛേദിക്കപ്പെടുന്ന പ്രാദേശികസഭ അതുമൂലം ദയനീയമായി ഒററപ്പെട്ടുപോകുന്നു. രണ്ടാമത്തേത് അതിന്റെ സ്വാതന്ത്ര്യനഷ്ടമാണ്.

സുവിശേഷപൈതൃകത്തെ ഓരോ ജനവിഭാഗത്തിനും അനുയോജ്യമായ രീതിയിൽ പങ്കിട്ടനുഭവിക്കുന്നതിനും, അവരവരുടെ ജീവിതമാതൃകകളെയും നേട്ടങ്ങളെയും സാർവ്വത്രികസഭയിലെ എല്ലാ വിശ്വാസികൾക്കും കാണിച്ചുകൊടുക്കുന്നതിനും സാധിക്കുന്നതാണ് (EN.64).

## വിവിധ ഘടകങ്ങൾ

"സഭമുഴുവനും സുവിശേഷവൽക്കരണത്തിനായി വിളിക്കപ്പെട്ടിരിക്കുകയാണ്. ഒന്നാമതായി, ദൈവവചനം പ്രസംഗിക്കുന്നതിനുള്ള കർത്തവ്യം അപ്പസ്തോലന്മാരെ ഭരമേൽപ്പിച്ചു" (EN 66 RM 63).

## പത്രോസിൻെറ പിൻഗാമി

"സുവിശേഷം എല്ലാ സൃഷ്ടിജാലങ്ങളോടും പ്രസംഗിക്കപ്പെടണം (മാർക്കോ 16:15) എന്നുള്ള ക്രിസ്തുവിന്റെ ആജ്ഞ പ്രത്യക്ഷമായും പ്രഥമമായും പത്രോസിനോടുചേർന്നും പത്രോസിനു കീഴിലും ഉള്ള മെത്രാന്മാരെ സംബന്ധിച്ചുള്ളതത്രെ" (AG 38)EN 67.

"ഈ സംരംഭത്തിൽ സാർവ്വത്രിക സഭയുടെ ഇടയനും ഓരോ സഭാവിഭാഗത്തിന്റെയും ഇടയൻമാരായ സഹോദര മെത്രാന്മാരും അവരവരുടെ മെത്രാന്മാരോടു യോജിച്ച് അവരെ സഹായിച്ചുകൊണ്ടിരിക്കുന്ന വൈദികരും ശെമ്മാശന്മാരും പൗരോഹിത്യം എന്ന കൂദാശയുടെയും സഭയുടെ സ്നേഹത്തിന്റെയും ഐക്യത്തിൽ ഒന്നുചേർന്ന് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്" (EN.68).

www.malankaralibrary.com

## മെത്രാൻമാരും വൈദികരും

"അവർ ദൈവജനത്തെ വിശ്വാസം പഠിപ്പിക്കുന്ന അദ്ധ്യാപകരും പ്രസംഗകരുമാണ്. കൂടാതെ അവർ വിശുദ്ധകുർബാനയുടെയും ഇതര കൂദാശകളുടെയും പരികർമ്മികളുമത്രെ" (RM 63, 67).

## സന്ന്യാസികൾ

"സന്ന്യാസികൾ അവരുടെ പ്രതിഷ്ഠാ ജീവിതംകൊണ്ട് സുവിശേഷവൽക്കരണ സംരംഭത്തിൽ ഫലപ്രദമായ സേവനം നിർവ്വഹിക്കുന്ന ഒരു അനുഗ്രഹീത വിഭാഗമായി കണക്കാക്കപ്പെടണം. അവരുടെ ജീവിതലക്ഷ്യം തന്നെ സഭയുടെ ജീവിതത്തിൽ ഊർജ്ജസ്വലമായി പങ്കെടുക്കുക എന്നതാണല്ലോ" (RM 5,6. EN 69).

"സുവിശേഷവൽക്കരണ സംരംഭത്തിൽ സർവ്വപ്രധാനമായുള്ളത് ജീവിതസാക്ഷ്യമാണ്. അവരുടെ മിഷൻപ്രവർത്തനങ്ങൾ ഹയരാർക്കിയുടെ നിയന്ത്രണങ്ങളോടും അതാതുസ്ഥലത്തെ അജപാലന സംവിധാനങ്ങളോടും യോജിച്ചു പോകണമെന്നുള്ളതു വ്യക്തമാണല്ലോ" (EN 69).

## അൽമായർ, പ്രത്യേകിച്ച് യുവജനങ്ങൾ

"സഭയിലെ അൽമായ വിഭാഗം ലോകജനതയുടെ മദ്ധ്യത്തിൽ ഇടകലർന്നു ജീവിക്കുന്നവരും ലൗകികമായ നിരവധികാര്യങ്ങളിൽ പൊതുജനങ്ങളുമായി ബന്ധപ്പെട്ടുകഴിയുന്നവരുമാണ്. രാഷ്ട്രീയവും സാമൂഹ്യവും, സാമ്പത്തികവുമായ വിപുലങ്ങളും, സങ്കീർണ്ണങ്ങളുമായ രംഗങ്ങളിലും, സാംസ്കാരികവും, ശാസ്ത്രീയവും, കലാപരവുമായ തുറകളിലും, രാജ്യാന്തര ജീവിത ബന്ധങ്ങൾ, സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ മുതലായ പ്രവർത്തന വീഥികളിലും സുവിശേഷവൽക്കരണാശയമനുസരിച്ചുള്ള സേവനങ്ങൾ നിർവഹിക്കുവാൻ അവർക്ക് അവസരങ്ങൾ ധാരാളം ലഭിക്കുന്നതാണ്" (EN. 70, RM. 71).

## കുടുംബം

'ഗാർഹികസഭ' - ഓരോകുടുംബത്തിലും സഭമുഴുവന്റേയും വിവിധ വശങ്ങൾ പ്രതിഫലിപ്പിക്കണമെന്നാണിതിനർത്ഥം.

www.malankaralibrary.com

# സുവിശേഷവൽക്കരണത്തിന്റെ ചൈതന്യം

'പരിശുദ്ധാത്മാവിന്റെ പ്രവർത്തനംകൂടാതെ സുവിശേഷവൽക്കരണം സാദ്ധ്യമല്ല' (EN. 75, RM. 21-29).

'സുവിശേഷവൽക്കരണത്തിലുള്ള നമ്മുടെ തീക്ഷ്ണത യഥാർത്ഥമായ ജീവിത വിശുദ്ധിയിൽനിന്നായിരിക്കണം മുളയെടുക്കേണ്ടത്' (RM. 87).

'അങ്ങനെ ലോകം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്, ജീവിതനൈർമല്യവും പ്രാർത്ഥനാ ചൈതന്യവും, എല്ലാവരോടും വിശിഷ്യാ പാവപ്പെട്ടവരോടും അവശരോടുമുള്ള സ്നേഹവുമാണ്. അതോടൊപ്പം അനുസരണശീലവും, വിനയ മനോഭാവവും വിരക്തിയിലുള്ള നിഷ്ഠയും, ത്യാഗസന്നദ്ധതയും നമ്മിൽ പ്രകടമാകണം. വിശുദ്ധിയുടെ ഈ അടയാളങ്ങൾ ലോകം നമ്മിൽ പ്രത്യക്ഷമായി കാണുന്നില്ലെങ്കിൽ നമ്മുടെ വാക്കുകൾക്ക് ആധുനിക ലോകത്തിന്റെ ഹൃദയത്തെ സ്പർശിക്കുവാൻ സാധിക്കുകയില്ല' (EN. 76 RM. 60, 88, 89). സുവിശേഷം പ്രസംഗിക്കുന്നവർ തമ്മിൽ തമ്മിൽ ഭിന്നിച്ചു നിൽക്കുന്നു എന്നത് സുവിശേഷവൽക്കരണത്തിന്റെ ഫലസിദ്ധിയെ വളരെയധികം നശിപ്പിക്കുന്ന ഒരു സാഹചര്യമാണ്. അങ്ങനെ, സഭയിലെ ഐക്യം ക്രിസ്ത്യാനികളുടെ വിശ്വസ്തതയ്ക്കും ക്രിസ്തുവിന്റെ വിശ്വസ്തതയ്ക്കുമുള്ള തെളിവായിരിക്കണം'.

## ക്രൈസ്തവ ഐക്യം

'സഭ നൽകുന്ന ഈ ഐക്യത്തിന്റെ സാക്ഷ്യത്തോടാണു സുവിശേഷവൽക്കരണത്തിന്റെ ഭാവി ആശ്രയിച്ചു നിൽക്കുന്നത്. അതിന്റെ നിർവ്വഹണംതന്നെ, സുവിശേഷവൽക്കരണം സംബന്ധിച്ച പ്രവർത്തനത്തിൽ, ക്രിസ്തുവിനെപ്പററി ലോകത്തിനു നൽകപ്പെടുന്ന മഹത്തായ പൊതു സാക്ഷ്യമായിരിക്കും' (EN. 77).

## നമ്മുടെ പങ്ക്

"നമ്മൾ ദൈവവചനത്തിന്റെ യജമാനന്മാരോ ഉടമകളോ അല്ല; അതിന്റെ സൂക്ഷിപ്പുകാരും, പ്രവാചകന്മാരും, ശുശ്രൂഷകരും മാത്രമാണ്" (EN. 78).

'സുവിശേഷവൽക്കരണ സംരംഭത്തിലെ കേന്ദ്രബിന്ദു നാമെല്ലാവരും ശുശ്രൂഷകരായിട്ടുള്ള അതിന്റെ സന്ദേശത്തോടും, അത് അവികലവും ചൈതന്യപൂർണ്ണവുമായ വിധത്തിൽ സ്വീകരിക്കുവാനുള്ള ജനതയോടും വിശ്വസ്തത പാലിക്കുക എന്നതാണ്' (EN. 4).